എല്ലാ വെള്ളിയാഴ്ചയും
108 പേജുകൾ

## ഞങ്ങളുടെ ഗർഭപാത്രം എന്തു പാപം ചെയ്തു?





സമകാലിക
# മലയാളം
www.malayalamvarikha.com
വാരിക




# ഇടതുമുന്നണിക്ക് മാരകമായ മുറിവ്


ന്യൂ ഇന്ത്യൻ എക്സ്പ്രസ് ഗ്രൂപ്പ് പ്രസിദ്ധീകരണം
2010 നവംബർ 5
വില 12 രൂപ

## ജീവിതത്തോട് കലഹിച്ച കവി

ക്കാർ അധികാരത്തിൽ വന്നുകഴിഞ്ഞ് മരിച്ചവരുടെ കുടുംബങ്ങൾക്ക് അൻപതിനായിരം രൂപ നഷ്ടപരിഹാരം നൽകി. 143 കുടുംബങ്ങൾക്കാണ് ഈ തുക നൽകിയത്. ഈ 143 പേരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല. പിന്നെ, ദുരിതബാധിതരായ രണ്ടായിരം പേർക്ക് മാസം 250 രൂപ വീതം പെൻഷൻ നൽകുമെന്ന് പറഞ്ഞു. പ്രഖ്യാപനം വന്നപ്പോൾ അത് 100 പേർക്കു മാത്രമായി. അതിന്റെയും മാനദണ്ഡം വ്യക്തമല്ല. ഇപ്പോൾ തെരഞ്ഞെടുപ്പിനു തൊട്ടു മുൻപ് 565 പേർക്കുകൂടി പെൻഷൻ പ്രഖ്യാപിച്ചു. ഇതാകട്ടെ കേന്ദ്രസാമൂഹ്യക്ഷേമവകുപ്പിന്റെ വികലാംഗപെൻഷൻ ഇതിലേയ്ക്കു വകമാറ്റിയതും.

ചോദിക്കാനും പറയാനും ആരുമില്ലാത്ത ഈ പാവങ്ങൾ ഒരു വോട്ടുബാങ്കല്ല. പ്രഖ്യാപിക്കപ്പെടുന്ന സഹായങ്ങളും തിരുവനന്തപുരത്ത് എടുക്കപ്പെടുന്ന തീരുമാനങ്ങളും ഈ ഗ്രാമങ്ങളിലേയ്ക്കെത്താൻ വൈകുന്നതിനും കാരണം മറ്റൊന്നല്ല. ജനാധിപത്യ സംവിധാനങ്ങൾ ഇവരെ തള്ളിക്കളയുകയാണെങ്കിലും ഇവരിപ്പോഴും ജനാധിപത്യത്തിൽ വിശ്വസിക്കുന്നുവെന്നതാണ് അദ്ഭുതം. സർക്കാരുകളോടുള്ള എതിർപ്പ് രേഖപ്പെടുത്താൻ തെരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുന്ന ഈ കാലത്ത് സ്വന്തം സ്ഥാനാർത്ഥിയെ നിർത്തി ആവേശത്തോടെ, ജനാധിപത്യത്തെ ശക്തിപ്പെടുത്താനും അവർ മുന്നിട്ടിറങ്ങി. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ എൻമകജെയിലെ സ്വർഗയിലെ ഏഴാം വാർഡിൽ എൺപത് എൻഡോസൾഫാൻ ദുരിതബാധിതരാണ് വോട്ടുചെയ്യാനെത്തിയത്. ഇവരിപ്പോഴും നമ്മളെ സ്നേഹിക്കുന്നു; വിശ്വസിക്കുന്നു.

കാസർകോഡിന്റെ ദുരിതം തുടരുമ്പോൾ മറ്റു ചില അതിർത്തിഗ്രാമങ്ങളും നെഞ്ചിടിപ്പിലാണ്. പാലക്കാട്ടെ മുതലമടയിലും ഇടുക്കിയിലെ പൂപ്പാറ, ഉടുമ്പഞ്ചോല, രാജകുമാരി തുടങ്ങിയ ഗ്രാമങ്ങളിലും എൻഡോസൾഫാൻ ഉപയോഗിക്കപ്പെടുന്നു. തമിഴ്നാട്ടിൽ ഈ കീടനാശിനിക്ക് നിരോധനമില്ലാത്തതിനാൽ അതിർത്തി കടക്കാൻ അവയ്ക്കെളുപ്പമാണ്. ഇവിടെയാണ് കേന്ദ്രസർക്കാരിന്റെ നിലപാട് ക്രിമിനൽക്കുറ്റമാകുന്നത്. എൻഡോസൾഫാൻ നയം കേന്ദ്രസർക്കാർ തിരുത്തണമെന്ന് കോൺഗ്രസ് നേതാവായ വി.എം. സുധീരന്റെ നിലപാട് പ്രസക്തമാക്കുന്നത്. കേന്ദ്രം ഭരിക്കുന്ന കോൺഗ്രസ്സിൽ രണ്ടഭിപ്രായം നിലനിൽക്കുന്നു എന്നതിന് തെളിവാണ്.

മണികണ്ഠനെയും സുജാതയെയും സിറാജിനെയും കാണാൻപോകുംവഴി രണ്ടു വർഷം മുൻപ് രോഗബാധിതനായി മരിച്ച അഷ്റഫിന്റെ സഹോദരി ഷാഹിനയെയും കാണണമെന്ന് സാഹിത്യകാരനും എൻഡോസൾഫാൻ വിരുദ്ധസമരസമിതി പ്രവർത്തനുമായ അംബികാസുതൻ മാങ്ങാട് പറഞ്ഞു. പത്തുവയസ്സുവരെ ഒരു പ്രശ്നവുമില്ലാത്ത ചുറുചുറുക്കുള്ള ആ പെൺകുട്ടിക്കും 2002 മുതൽ രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. "അതിനുശേഷം ഞാൻ അവിടെ പോയിട്ടില്ല. രണ്ടു കവിളിലും നുണക്കുഴികളുള്ള പ്രസരിപ്പാർന്ന മുഖമുള്ള ഒരു പത്തുവയസ്സുകാരിയാണ് എന്റെ മനസ്സിലുള്ളത്. അവളെ ഒരു രോഗിയായി തളർന്ന അവസ്ഥയിൽ എനിക്കു കാണാൻ വയ്യ"- അംബികാസുതൻ പറഞ്ഞു. ഷാഹിനയെ കാണാൻ ഞാനും പോയില്ല. സുജാതയെയും ശീലാവതിയെയും പോലെ ഒരവസ്ഥയിൽ അവളെ കാണേണ്ട. നുണക്കുഴിക്കവിളും പ്രസരിപ്പാർന്ന മുഖവുമായി ഓർമ്മയിൽ അവർ ഓടിനടക്കട്ടെ. ■

റിപ്പോർട്ട്

■ സി. ജയകുമാർ

# കേന്ദ്ര കൃഷിവകുപ്പ് കമ്പനികളുടെ ദല്ലാളോ?

## കീടനാശിനി നിയന്ത്രണത്തിനായുള്ള എല്ലാ അന്താരാഷ്ട്ര സമ്മേളനങ്ങളിലും കീടനാശിനിക്കമ്പനികളുടെ ദല്ലാളുമാരായാണ് ഇന്ത്യൻ പ്രതിനിധികൾ സംസാരിക്കുന്നതെന്ന് ജനീവാ സമ്മേളനത്തിൽ പ്രതിനിധിയായ ലേഖകൻ ചൂണ്ടിക്കാട്ടുന്നു

പല കീടനാശിനികളുടെ പേരുകൾക്കിടയിൽ കേട്ടിട്ടുണ്ടെങ്കിലും 1998 അവസാനം പെരിയ (കാസർകോട്)യിലെ ലീലാകുമാരിയമ്മയാണ് എൻഡോസൾഫാൻ എന്ന കീടനാശിനിയുടെ ഉപയോഗത്തെക്കുറിച്ചും അവരുടെ ചുറ്റും ജീവിക്കുന്ന ആളുകൾക്കിടയിലെ പേടിപ്പെടുത്തുന്ന രോഗങ്ങളെക്കുറിച്ചും നേരിട്ട് പറഞ്ഞത്.

എൻഡോസൾഫാൻ ഉൾപ്പെടെ രാസകീടനാശിനികളെല്ലാം തന്നെ ലോക മഹായുദ്ധങ്ങളുടെ സംഭാവനകളാണ്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം സമാധാനത്തിന്റെ ശബ്ദം മുഴങ്ങിയപ്പോൾ, നാമറിയാതെ, നമ്മെ അറിയിക്കാതെ, യുദ്ധത്തിനുവേണ്ടി നടത്തിയ ഗവേഷണങ്ങളെ മനുഷ്യനന്മയ്ക്കെന്ന പേരിൽ കമ്പോള ഉല്പന്നങ്ങളാക്കി മാറ്റി. തുടർന്ന് ലാഭത്തിന്റേയും മാർക്കറ്റിന്റേയും പേരിൽ, പുതിയ സാമ്പത്തികക്രമം നമ്മുടെ കൃഷിയിടങ്ങൾക്കുതന്നെ പടക്കോപ്പുകളാണ് രാസകീടനാശിനികൾ.

1948-ൽ ഡി.ഡി.റ്റിയുടെ കണ്ടുപിടുത്തത്തിന് നോബൽ സമ്മാനം നൽകിയ അതേവർഷമാണ് ആദ്യത്തെ ലോകാരോഗ്യ ഉച്ചകോടി നടന്നത്. പ്രസ്തുത ഉച്ചകോടിയുടെ പന്ത്രണ്ടാമത്തെ പ്രമേയം കീടനാശിനികളെക്കുറിച്ചുള്ള വിദഗ്ദ്ധരുടെ പാനൽ രൂപീകരിക്കണമെന്ന് അംഗരാജ്യങ്ങ

ളോട് ആവശ്യപ്പെട്ടു. തുടർന്നു നടന്ന എല്ലാ വാർഷിക ഉച്ചകോടികളിലും കീടനാശിനികളുടെ ആരോഗ്യപ്രശ്നത്തിൽ ലോകാരോഗ്യ സംഘടന വളരെ കാര്യമായിത്തന്നെ ഇടപെടുകയുണ്ടായി. എന്നാൽ, ഇക്കാലഘട്ടത്തിൽ, ആരോഗ്യപ്രശ്നങ്ങളെ കീടനാശിനികളുമായി ബന്ധപ്പെടുത്തുന്ന എല്ലാ നടപടികളെയും, കീടനാശിനിക്കമ്പനികൾ വളരെ വിജയകരമായി തടയുകയോ നിസ്സാരവത്കരിക്കുകയോ ചെയ്തിട്ടുണ്ട്. അതുകൊണ്ടുതന്നെ 1948-ൽ ആവശ്യപ്പെട്ട വിദഗ്ദ്ധരുടെ പഠനലും കീടനാശിനി ഉപയോഗത്തിന് ഉണ്ടാകേണ്ടിയിരുന്ന ആരോഗ്യവകുപ്പിന്റേയും ആരോഗ്യപ്രവർത്തകരുടേയും നിരീക്ഷണവും ഇല്ലാതാക്കാൻ ഈ കമ്പനികൾക്ക് കഴിഞ്ഞു. അതുകൊണ്ട് കീടനാശിനികളെക്കുറിച്ചുള്ള, പ്രത്യേകിച്ചും അവയുടെ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ വളരെ പരിമിതമായി ഇന്നും തുടരുന്നു. ഇതിന്റെ പ്രത്യക്ഷ ഉദാഹരണമാണ്, "കാസർകോട്ടെ ജനങ്ങൾ അനുഭവിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ എൻഡോസൾഫാൻ കൊണ്ടല്ല" എന്നുള്ള കേന്ദ്ര കൃഷിവകുപ്പിന്റെ അവകാശവാദം. ജനീവയിൽ ഈ മാസം നടന്ന 'പോപ്പ് റിവ്യൂകമ്മിറ്റി'യിലും കേന്ദ്ര കൃഷിവകുപ്പ് ആവർത്തിക്കുന്ന ഈ നിലപാടിന് സാധൂകരണമില്ലെന്ന് മാത്രമല്ല, ഇന്ത്യയിലെ പൊതുജനാരോഗ്യം തീരുമാനിക്കുന്നത് കൃഷിവകുപ്പാണെന്നും വരുന്നു.


ജനീവ സമ്മേളനത്തിൽ പങ്കെടുത്ത പരിസ്ഥിതി പ്രവർത്തകർക്കൊപ്പം ലേഖകൻ (നടുവിൽ)

## അന്താരാഷ്ട്ര ഉടമ്പടി

1990-91-ലാണ് ഫിലിപ്പീൻസ് എൻഡോസൾഫാൻ കീടനാശിനിക്ക് കടുത്ത നിയന്ത്രണം ഏർപ്പെടുത്തിയത്. ഫിലിപ്പീൻസിൽ ആത്മഹത്യക്കായി ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്ന കീടനാശിനിയായതുകൊണ്ട് 'കീടനാശിനി രജിസ്ട്രേഷൻ അതോറിറ്റി' എൻഡോസൾഫാന്റെ രജിസ്ട്രേഷൻ ഭാഗികമായി മാത്രം പുതുക്കുകയും ഏതാനും വർഷംകൊണ്ട് പൂർണ്ണനിരോധനം വേണമെന്ന് തീരുമാനിക്കുകയും ചെയ്തു. ഈ നിരോധനത്തിനുവേണ്ടി ശബ്ദമുയർത്തിയ ഡോക്ടർമാർ അവിടുത്തെ രാസസുരക്ഷയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും ആഗോളതലത്തിൽതന്നെ ഇതിന്റെ നേതൃനിരയിലേക്ക് ഉയരുകയും ചെയ്തു.

1997-ലെ അൻപതാം ലോകാരോഗ്യ ഉച്ചകോടിയുടെ പതിമൂന്നാം പ്രമേയത്തെ അടിസ്ഥാനമാക്കി ഐക്യരാഷ്ട്രസഭ ഈ വിഷയത്തിൽ ഒരു അന്താരാഷ്ട്ര ഉടമ്പടി ഉണ്ടാക്കാനായി ഐക്യരാഷ്ട്ര പരിസ്ഥിതി പ്രോഗ്രാമി (യു.എൻ.ഇ.പി.)-നോട് ആവശ്യപ്പെട്ടു. 1998-ൽ നടന്ന പ്രഥമ സമ്മേളനം അംഗരാജ്യങ്ങൾക്ക് നിയമപരമായി ബാദ്ധ്യതയുള്ള ഒരു അന്താരാഷ്ട്ര ഉടമ്പടിയാണ് വിഭാവനം ചെയ്തത്. 2000 ഡിസംബറിൽ ജോഹന്നാസ് ബർഗിൽ ചർച്ച പൂർത്തിയാക്കി 2001 മെയിൽ സ്വീഡനിലെ സ്റ്റോക്ക് ഹോം പട്ടണത്തിൽവച്ച് ഒപ്പുവച്ച ഈ ഉടമ്പടിയെ 'സ്റ്റോക്ക് ഹോം കൺവൻഷൻ ഫോർ പേർസിസ്റ്റന്റ് ഓർഗാനിക് പൊല്യൂട്ടന്റ്സ്' അഥവാ 'പോപ്സ് കൺവൻഷൻ' എന്ന് വിളിക്കുന്നു. 1948-ൽ നോബൽ ജേതാവായ ഡോ. പോൾ മുള്ളറിന് സായാഹ്ന വിരുന്ന് നൽകിയ സ്റ്റോക്ക് ഹോം സിറ്റിഹാൾ, 2001 മെയ് മാസത്തിൽ, ഡി.ഡി.റ്റിയെ ഒഴിവാക്കാനും, പകരം വഴികൾ കണ്ടെത്താനും മനുഷ്യനിലും പരിസ്ഥിതിയിലും കുമിഞ്ഞുകൂടുന്ന മാരകരാസവിഷങ്ങളെ ഉന്മൂലനം ചെയ്യുന്നതിനുമുള്ള ഉടമ്പടി ഒപ്പിട്ട അന്താരാഷ്ട്ര സമൂഹത്തിന് സായാഹ്ന വിരുന്ന് നൽകിയതിന് സാക്ഷിയായി.

2007-ൽ സ്റ്റോക്ക് ഹോം കൺവൻഷന്റെ പോപ്പ് റിവ്യൂകമ്മിറ്റിക്ക് പരിഗണനക്കായി എൻഡോസൾഫാൻ എന്ന കീടനാശിനിയെ യൂറോപ്യൻ യൂണിയൻ നാമനിർദ്ദേശം ചെയ്തു. ലഭ്യമായ ശാസ്ത്രീയ വിവരങ്ങൾ വിശകലനം ചെയ്ത് 2009-ൽ എൻഡോസൾഫാൻ ഒരു പോപ് ആണെന്നും തീരുമാനിച്ചു. ഭൂമിയിൽ ദീർഘദൂരം സഞ്ചരിച്ച് ജൈവവ്യൂഹത്തിൽ സാന്ദ്രത കൂട്ടുന്ന എൻഡോസൾഫാൻ ആഗോളതലത്തിൽത്തന്നെ നിയന്ത്രിക്കേണ്ടതാണെന്ന് റിവ്യൂകമ്മിറ്റി ശുപാർശ ചെയ്തു.

ആർട്ടിക്കിലെ നിർമലമെന്ന് കരുതുന്ന മഞ്ഞുപാളികളിലും ജൈവസമൂഹത്തിലും കണ്ടെത്തിയ നാല്പത്തിയാറോളം കീടനാശിനികളിൽ പ്രധാനിയാണ് എൻഡോസൾഫാൻ. ഇത് നിരോധിക്കുകയാണെങ്കിൽ ഉണ്ടാകാനിടയുള്ള സാമൂഹ്യ സാമ്പത്തിക ആഘാതം വിലയിരുത്താനും മനുഷ്യരിലുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചുള്ള പുതിയ വിവരങ്ങൾ പരിശോധിക്കാനുമാണ് ഇക്കഴിഞ്ഞ് പത്ത് മുതൽ പതിനഞ്ച് വരെ പോപ്സ് റിവ്യൂകമ്മിറ്റിയുടെ ആറാമത്തെ മീറ്റിങ് നടന്നത്. അഞ്ചാമത്തെ മീറ്റിങ്ങിൽ എൻഡോസൾഫാനെ അനുകൂലിക്കുകയും യോഗതീരുമാനത്തെ എതിർത്ത് വോട്ടു ചെയ്യുകയും ചെയ്ത ഏകരാജ്യമായ ഇന്ത്യ ഈ മീറ്റിങ്ങിനും എത്തിയത് എൻഡോസൾഫാനെ രക്ഷിക്കാനായി മാത്രമായിരുന്നു.

റിവ്യൂകമ്മിറ്റി പരിശോധിച്ച് തയ്യാറാക്കിയ 'എൻഡോസൾഫാൻ റിസ്ക് മാനേജ്മെന്റ് ഇവാല്യുവേഷൻ' എന്ന രേഖ ചർച്ച ചെയ്ത് അംഗീകരിക്കാനും, ഇതുമായി ബന്ധപ്പെട്ട് കമ്മിറ്റിക്ക് മുൻപാകെ സമർപ്പിച്ച വിവരങ്ങൾ പരിശോധിച്ച് 2011 ഏപ്രിലിൽ നടക്കുന്ന പോപ് കൺവെൻഷന്റെ അഞ്ചാം 'കോൺഫറൻസ് ഓഫ് പാർട്ടീസ്' തീരുമാനമെടുക്കുന്നതിലേ

യ്ക്കുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കാനായിരുന്നു ഈ മീറ്റിങ്. ഈ മീറ്റിങ്ങിന് ഇന്ത്യ നൽകിയിരുന്ന അനക്സ്-എഫ് വിവരങ്ങൾ തെറ്റായതും തെറ്റിദ്ധരിപ്പിക്കുന്നതുമായിരുന്നു. ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത കീടനാശിനികളൊന്നും തന്നെ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നില്ലെന്ന് അസന്നിഗ്ദ്ധമായി ഇന്ത്യ രേഖപ്പെടുത്തി. എൻഡോസൾഫാനുപകരം മറ്റു സസ്യസംരക്ഷണ മാർഗ്ഗങ്ങൾ ഇന്ത്യയിൽ ഇല്ലെന്നും മറ്റ് മാർഗ്ഗങ്ങൾ എല്ലാം തന്നെ കൃഷിയുടെ ഉല്പാദനച്ചെലവ് വർദ്ധിപ്പിക്കുമെന്നും ഇന്ത്യ അനക്സ്-എഫിൽ രേഖപ്പെടുത്തി.

ഇതുപറയുമ്പോൾ, ആന്ധ്രാപ്രദേശിൽ മൂന്നുലക്ഷം കൃഷിക്കാർ 1.36 ദശലക്ഷം ഏക്കർ കൃഷിസ്ഥലത്ത്, കമ്മ്യൂണിറ്റി മാനേജ്ഡ് സസ്റ്റെയിനബിൾ അഗ്രിക്കൾച്ചർ (സി.എം.എസ്.എ.) വിജയകരമായി നടപ്പിലാക്കിയപ്പോൾ 2008-2009ൽ സംസ്ഥാനത്ത് 38.6 ദശലക്ഷം ഡോളർ സഞ്ചിതലാഭം ഉണ്ടാക്കാൻ കഴിഞ്ഞു. ഈ പരിപാടിയിലൂടെ ഉല്പാദനച്ചെലവ് അറുപത്തിയാറ് ശതമാനം കുറക്കാനും കഴിഞ്ഞു. ഇന്ത്യൻ കർഷകർ വിദ്യാഭ്യാസമില്ലാത്തവരാണെന്നും, നൂതന കൃഷിരീതികൾ പരിശീലിപ്പിക്കാൻ പറ്റാത്തവരാണെന്നും, മേൽപ്പറഞ്ഞ പഠനത്തിനോടുള്ള സൂചനകൾ എൻഡോസൾഫാൻ റിസ്ക്ക് മാനേജ്മെന്റ് ഇവാല്യുവേഷൻ രേഖകളിൽ ഉൾപ്പെടുത്താൻ പറ്റില്ലെന്നും ഇന്ത്യൻ പ്രതിനിധി തടസ്സവാദം ഉന്നയിച്ചു. ഇരുപത്തിയൊൻപത് രാജ്യങ്ങളിൽനിന്നുമുള്ള ശാസ്ത്രപ്രതിനിധികളുടെയും ഐക്യരാഷ്ട്രസഭയുടെ വിവിധ ഏജൻസികളുടെ പ്രതിനിധികളുടെയും മുൻപാകെയായിരുന്നു, ഇന്ത്യയുടെ ഈ ഔദ്യോഗിക പ്രതികരണം. 2007-2008-ൽ മാത്രം. ജൈവ പരുത്തി ഉല്പാദനത്തിൽ 292 ശതമാനം വളർച്ച ഇന്ത്യ കൈവരിച്ചിട്ടുണ്ട്. ഇന്ന് ആഗോളതലത്തിൽ ഉല്പാദിപ്പിക്കുന്ന ജൈവ പരുത്തിയുടെ അറുപത് ശതമാനവും ഇന്ത്യയിൽ നിന്നാണ്. (എൻഡോസൾഫാൻ കൂടിയേ കഴിയൂ എന്ന് ഇന്ത്യൻ പ്രതിനിധി പറയുന്നത് പരുത്തി കൃഷിയെ കരുതിയാണെന്നത് എൻഡോസൾഫാൻ ഉണ്ടാക്കിയ അന്ധതയല്ലാതെ മറ്റെന്താണ്?!!)


പോപ്പ് റിവ്യൂ കമ്മിറ്റിയിലെ പ്രതിനിധികൾ

## രാജ്യതാല്പര്യത്തിനെതിരെ കൃഷിവകുപ്പ്

ഏകദേശം നാല് കോടി ഡോളർ കയറ്റുമതി മൂല്യമുണ്ടെന്നും ആഭ്യന്തര ഉപയോഗം കൂടെ കണക്കിലാക്കിയാൽ രാജ്യത്തെ ഏറ്റവും അത്യാവശ്യമായ രാസവ്യവസായങ്ങളിലൊന്നാണ് എൻഡോസൾഫാൻ നിർമ്മാണമെന്നും ഇന്ത്യൻ പ്രതിനിധികളും എൻഡോസൾഫാൻ നിർമ്മാതാക്കളും ഈ കമ്മിറ്റിക്കു മുൻപാകെ പറഞ്ഞു. അതേ അവസരത്തിൽ, 2010-ൽ ലോകത്ത് നാനൂറ് കോടി ഡോളർ വ്യാപാരമൂല്യം കണക്കാക്കുന്ന ജൈവ പരുത്തിയുടെ അറുപത് ശതമാനവും ഇന്ത്യയുടെ പങ്കാണെന്ന് വരുമ്പോൾ കേന്ദ്ര കൃഷിവകുപ്പ് തകർക്കുന്നത് ഇന്ത്യയുടെ വികസന സ്വപ്നങ്ങളേയും ജനങ്ങളുടെ ആരോഗ്യത്തെയുമാണ്. ഇന്ത്യയിലെ എൻഡോസൾഫാൻ നിർമ്മാതാക്കളിൽ പ്രധാനിയായ എക്സൽ കമ്പനിയുടെ മാതൃകമ്പനിയായ അഗ്രോസെൽ ഇൻഡസ്ട്രീസ് ഇന്ത്യയിലെ ജൈവ പരുത്തിയുടെ കച്ചവടത്തിൽ പ്രഥമസ്ഥാനത്താണെന്നത് ഇത്തരം കമ്പനികളുടെ ലാഭക്കൊതിയും ഇരട്ടത്താപ്പും വെളിവാക്കുന്നു. സ്വന്തം വ്യാപാരം മാത്രം സംരക്ഷിക്കാൻ ശ്രമിക്കുന്ന ഇത്തരം കമ്പനികളുടെ ചട്ടുകമായി രാജ്യതാല്പര്യത്തിനെതിരായി കേന്ദ്ര കൃഷിവകുപ്പ് മാറുന്ന കാഴ്ചയാണ്, വിവിധ അന്താരാഷ്ട്ര കൺവെൻഷനുകളിൽ നമുക്ക് കാണാനാകുന്നത്.

കാസർകോട്ടെ പാരിസ്ഥിതിക-പൊതുജനാരോഗ്യ-പുനരധിവാസ ചെലവുകളും ഇന്ത്യയുടെ മറ്റു പല സംസ്ഥാനങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇത്തരം നാശനഷ്ടങ്ങളും അനക്സ്-എഫിൽ ഉൾപ്പെടുത്തി അന്താരാഷ്ട്ര സമൂഹത്തിനോട് ഈ കീടനാശിനികളിൽനിന്നും വിടുതി നേടാനും രാജ്യത്തെ ആരോഗ്യകരമായി വികസിപ്പിക്കാനും വേണ്ട പിന്തുണ (സാമ്പത്തിക സഹായമടക്കം) നേടേണ്ടതിനും പകരം എല്ലാവരുടേയും പരിഹാസത്തിനും അന്ധാളിപ്പിനും പാത്രമായതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് കേന്ദ്രസർക്കാരിന് ഒഴിഞ്ഞുമാറാനാകില്ല.

കേരളവും സിക്കിമും ഉൾപ്പെടെ ഇന്ത്യയിലിന്ന് അനവധി സംസ്ഥാനങ്ങൾ ജൈവ കൃഷിയുടെ പാതയിലാണ്. 2020 ആകുമ്പോഴേയ്ക്കും വിഷവിമുക്തമായ ലോകത്തിനുവേണ്ടിയുള്ള ഈ ചുവടുവയ്പുകൾ ലോകത്തിനോട് പങ്കുവയ്ക്കുന്നതിനുപകരം എൻഡോസൾഫാനാണ് ഇന്ത്യയുടെ രക്ഷകൻ എന്ന് ഇന്ത്യൻ പ്രതിനിധി പ്രഖ്യാപിച്ച പോപ് റിവ്യൂ കമ്മറ്റിയുടെ ആറാം സമ്മേളനം ഇന്ത്യയ്ക്ക് നാണക്കേടേ ഉണ്ടാക്കിയിട്ടുള്ളൂ.

ഈ സമ്മേളനത്തിലും, കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇന്ത്യ പങ്കെടുക്കുന്ന കീടനാശിനി നിയന്ത്രണത്തിനുവേണ്ടിയുള്ള എല്ലാ സമ്മേളനങ്ങളിലും ഇന്ത്യൻ പ്രതിനിധിയെ നിയന്ത്രിക്കുന്നതും നിർദ്ദേശങ്ങൾ കൊടുക്കുന്നതും കീടനാശിനി നിർമ്മാതാക്കളാണെന്നത് ലോകത്തിനു മുൻപിൽ തീർച്ചയായും ഇന്ത്യയെ തരംതാഴ്ത്തിക്കെട്ടുന്ന ഒരു കാര്യമാണ്.

ഐക്യരാഷ്ട്ര സഭയിൽ എന്നും ഔന്നത്യമുള്ള ശബ്ദമായിരുന്നു ഇന്ത്യയുടേത്; പ്രഗത്ഭരായവർ ജന്മനാടിനുണ്ടാക്കിത്തന്ന വലിയ മേൽവിലാസം. ലോകം ഉപേക്ഷിക്കുന്ന ഒരു കീടനാശിനിക്കുവേണ്ടി അതിന്റെ നിർമ്മാതാക്കളുടെ നിയന്ത്രണത്തിലും താളത്തിലും എല്ലാ നയതന്ത്ര മര്യാദകളും തെറ്റിച്ച് മറ്റ് അംഗരാജ്യങ്ങളേയും വെല്ലുവിളിക്കുന്ന ഇന്ത്യയുടെ നിലപാട് മാറ്റിയേ തീരൂ. എൻഡോസൾഫാൻ അന്ധമാക്കിയ ഇന്ത്യ സ്വന്തം ശത്രുവിനെ തിരിച്ചറിയേണ്ടതുണ്ട്. കേന്ദ്ര കൃഷിവകുപ്പിന്റെ 'എൻഡോസൾഫാൻ ബാധ' ചികിത്സിച്ചോ അല്ലാതെയോ മാറ്റിയില്ലെങ്കിൽ ലോകത്തിലവശേഷിക്കുന്ന ഒരേയൊരു എൻഡോസൾഫാൻ റിപ്പബ്ലിക് ആയിത്തീരും ഇന്ത്യ ■

തണൽ എന്ന ജനകീയ പ്രസ്ഥാനത്തിലെ പ്രവർത്തകനാണ് ലേഖകൻ